**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5378** **12-08-2021 - ൽ മറുപടിയ്ക്ക്**

**വൈദ്യുതി വിതരണ മേഖലയിലെ സുരക്ഷാക്രമീകരണങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എൻ . ഷംസുദീൻ ,<br>ശ്രീ. ടി. വി. ഇബ്രാഹിം ,<br>പ്രൊഫ . ആബിദ് ഹുസൈൻ തങ്ങൾ ,<br>ശ്രീ എൻ എ നെല്ലിക്കുന്ന് | | Shri. K. Krishnankutty<br>(വൈദ്യുതി വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് വൈദ്യുതി വിതരണ ലൈനുകളിൽ നിന്നും അനുബന്ധ ഉപകരണങ്ങളിൽ നിന്നും ഷോക്കേറ്റ് മരണമടയുന്ന ജീവനക്കാരിൽ ഏറെയും കരാർ ജീവനക്കാരാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | സംസ്ഥാനത്ത് വൈദ്യുതി വിതരണ ലൈനുകളിൽ നിന്നും അനുബന്ധ ഉപകരണങ്ങളിൽ നിന്നും ഷോക്കേറ്റ് മരണപ്പെടുന്നവരിൽ സ്ഥിരം ജീവനക്കാരും കരാർ തൊഴിലാളികളും ഉള്ളതായും മരണപ്പെടുന്ന ജീവനക്കാർ /കരാർ തൊഴിലാളികൾ എന്നിവരുടെ എണ്ണത്തിൽ നേരിയ രീതിയിൽ ഏറ്റക്കുറച്ചിലുകൾ ഉണ്ടാകുന്നതായും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | ഇത്തരത്തിൽ അപകടത്തിൽപെടുന്ന സ്ഥിരം ജീവനക്കാരുടെ കുടുംബത്തിനു ലഭിക്കുന്ന സഹായ ആനുകൂല്യങ്ങൾ സംബന്ധിച്ച വിശദവിവരം വെളിപ്പെടുത്തുമോ? | (ബി) | ഇത്തരത്തിൽ അപകടത്തിൽപ്പെടുന്ന സ്ഥിരം ജീവനക്കാരുടെ കുടുംബത്തിനു ലഭിക്കുന്ന ആനുകൂല്യങ്ങൾ താഴെ പറയും പ്രകാരമാണ്. (എ) മരണാനന്തര നഷ്ടപരിഹാരം 1. പ്രായവും മാസവേതനവും അനുസരിച്ച് 1923 ലെ തൊഴിലാളി നഷ്ടപരിഹാര നിയമ പ്രകാരം 7,45,275/- രൂപ മുതൽ 17,14,050/- രൂപ വരെ വ്യവസ്ഥകൾക്ക് വിധേയമായി നഷ്ടപരിഹാരത്തിന് അർഹതയുണ്ട്. 2. KSEB EWF ന്റെ അപകട ആശ്വാസധനസഹായ പദ്ധതി 2021 പ്രകാരം 10 ലക്ഷം രൂപ ലഭിക്കുവാൻ അർഹതയുണ്ട്. 3. വൈദ്യുതി ബോർഡ് തൊഴിലാളി ക്ഷേമനിധിയിൽ നിന്നും മരണാനന്തര ആനുകൂല്യമായി 10 ലക്ഷം രൂപയും (ജൂലൈ 2021 മുതൽ 12 ലക്ഷം രൂപ) ലഭിക്കുവാൻ അർഹതയുണ്ട്. 4. അപകടം സംഭവിക്കുന്ന ജീവനക്കാരന്റെ ആശ്രിതരിൽ ഒരാൾക്ക് വിദ്യാഭ്യാസ യോഗ്യത അനുസരിച്ച് ബോർഡിൽ ആശ്രിത നിയമനം ലഭിക്കുന്നതിനും മറ്റെല്ലാവിധ സർവ്വീസ് ആനുകൂല്യങ്ങൾക്കും അർഹതയുണ്ട്. 5. ശവസംസ്കാര ചെലവിനായി 10,000/- രൂപയ്ക്ക് അർഹതയുണ്ട്. (LTS 2021 പ്രകാരം) 6. കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിലെ ദീർഘകാല കരാർ പ്രകാരം പൂർണ്ണമായ മെഡിക്കൽ ചികിത്സാ ചെലവിനും അർഹതയുണ്ട്. |

| | | | | |
|---|---|---|---|---|
| | | | | (ബി). മാരകമല്ലാത്ത അപകടത്തിൽപ്പെടുന്ന ബോർഡ് ജീവനക്കാർക്ക് നൽകുന്ന നഷ്ടപരിഹാരം. 1. സ്ഥിരവും സ്ഥായിയുമായ അംഗവൈകല്യം ഉണ്ടായാൽ ജില്ലാ മെഡിക്കൽ ബോർഡ് നൽകുന്ന അംഗവൈകല്യത്തിന്റെ ശതമാനം തെളിയിക്കുന്ന സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ പ്രായവും മാസവേതനവും അനുസരിച്ച് 1923 ലെ തൊഴിലാളി നഷ്ടപരിഹാര നിയമത്തിലെ വ്യവസ്ഥകൾക്ക് വിധേയമായി അവശതാ നഷ്ടപരിഹാരം. 2. അപകടം സംഭവിക്കുന്ന തൊഴിലാളിക്ക് ചികിത്സയ്ക്കും വിശ്രമത്തിനും ശിപാർശ ചെയ്തുകൊണ്ട് ഡോക്ടർ നൽകുന്ന മെഡിക്കൽ സർട്ടിഫിക്കറ്റിന്റെയും ഫിറ്റ്നസ് സർട്ടിഫിക്കറ്റിന്റെയും അടിസ്ഥാനത്തിൽ അർദ്ധമാസികാ നഷ്ടപരിഹാരമോ അല്ലെങ്കിൽ പ്രത്യേക അവശതാ അവധിയ്ക്കോ അർഹതയുണ്ട്. 3. കെ.എസ്.ഇ.ബി ലിമിറ്റഡിലെ ദീർഘകാല കരാർ പ്രകാരം അപകടത്തിന് ഇരയാകുന്ന ജീവനക്കാർക്ക് പൂർണ്ണമായ മെഡിക്കൽ ചികിത്സാ ചെലവിനും അർഹതയുണ്ട്. കെ.എസ്.ഇ.ബി ലിമിറ്റഡിലെ ഓഫീസർ വിഭാഗത്തിൽ വരുന്ന ജീവനക്കാർ 1923-ലെ തൊഴിലാളി നഷ്ടപരിഹാര നിയമത്തിന്റെ പരിധിയിൽ വരുന്നില്ല. എന്നിരുന്നാലും ജോലിക്കിടെ അപകടമരണം സംഭവിക്കുന്ന ഓഫീസർ വിഭാഗത്തിൽപ്പെടുന്ന ബോർഡ് ജീവനക്കാർക്കും KSEB Ltd ന്റെ തീരുമാനങ്ങൾക്ക് വിധേയമായി 1923-ലെ തൊഴിലാളി നഷ്ടപരിഹാര നിയമത്തിന്റെ വ്യവസ്ഥകൾക്കനുസൃതമായി പ്രായവും മാസവേതനവും അനുസരിച്ച് ആശ്വാസധനസഹായവും പൂർണ്ണമായ ചികിത്സാ ചെലവും നൽകുന്നു. ഇതിനുപരിയായി ജോലിക്കിടെ അപകടമരണം സംഭവിക്കുന്ന തൊഴിലാളികൾക്ക് നൽകുന്ന മുകളിൽ സൂചിപ്പിച്ചിട്ടുള്ള എല്ലാ മരണാനന്തര സാമ്പത്തിക ആനുകൂല്യങ്ങളും ഓഫീസർ വിഭാഗത്തിനും ലഭിക്കുന്നതിന് അർഹതയുണ്ട്. |

സെക്ഷൻ ഓഫീസർ